വെറ്ററിനറി ഡിസ്പെൻസറികൾ.

* 238. [54] ശ്രീ. എം. പി. മേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റിൽ ആകെ എത്ര വെറ്ററിനറി ഡിസ്പെൻസറികൾ ഉണ്ട്;

(ബി) ഇവയിൽ യോഗ്യതയുള്ള വെറ്ററിനറി സർജന്മാർ വേണ്ടിടത്തോളം ഉണ്ടോ;

(സി) ഏതെങ്കിലും പോസ്റ്റ് ഒഴിഞ്ഞുകിടപ്പുണ്ടോ;

(ഡി) റിട്ടയർ ചെയ്ത എത്രപേരെ വീണ്ടും സർവ്വീസിൽ നിയമിച്ചിട്ടുണ്ട്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) 38 വെറ്ററിനറി ആശുപത്രികളും, 50 വെറ്ററിനറി ഡിസ്പെൻസറികളും ഉണ്ട്;

(ബി) ആറ് ആശുപത്രികളിലൊഴികെ എല്ലായിടത്തും ഡാക്ടറന്മാരുണ്ട്. ഡിസ്പെൻസറികൾ സ്റ്റോക്ക്മാൻമാരുടെ കീഴിലാണ്;

(സി) വെറ്ററിനറി സർജന്മാരുടെ എഴ പോസ്റ്റ് ഒഴിഞ്ഞുകിടപ്പുണ്ട്.

(ഡി) ഒൻപതു്.

ബസ്സ് റൂട്ടുകൾ അനുവദിക്കണം.

* 239. [55] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ പുതുതായി ഏതെങ്കിലും ബസ്സ് റൂട്ടുകൾ അനുവദിക്കണമെന്നു് ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(സി) നെടുമങ്ങാട്ടു താലൂക്കിൽ ഏറ്റവും അധികം ജനസഞ്ചാരമുള്ള തിരുവനന്തപുരം–കാട്ടാക്കട, കാട്ടാക്കട–ആര്യനാടു്, ആര്യനാടു്–നെടുമങ്ങാടു്, ആര്യനാടു്–പാലോടു്, പാലോടു്–ആറ്റിങ്ങൽ, നെടുമങ്ങാടു്–ആറ്റിങ്ങൽ എന്നീ റൂട്ടുകളിലൂടി ദേശവത്കരിക്കുന്നതിനു് ഗവണ്മെന്റു് ശ്രദ്ധിക്കുമോ;

(ഡി) തിരുവനന്തപുരം–കല്ലാർ ഭാൻസ്പോർട്ടു് സർവ്വീസ് പൊൻമുടിയിലേയ്ക്കു നീട്ടികിട്ടണമെന്നു് ഗവണ്മെന്റിലേയ്ക്കു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഇ) പൊൻമുടിയിലേയ്ക്കു് ഭാൻസ്പോർട്ടു ലൈൻ നീട്ടുന്നതിനു് വേണ്ട സത്വരനടപടികൾ ഗവണ്മെന്റിൽനിന്നും സ്വീകരിക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ കാര്യം ആലോചിക്കാം.

(ഡി) ഉണ്ട്;

(ഇ) അതിനെപ്പറ്റി ആലോചിക്കാം.

വാട്ടർ ടാൻസ്ഫോർട്ട് ദേശവൽക്കരണം.

* 240. [56] ശ്രീ. കെ. സി. എബ്രഹാം : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വാട്ടർ ടാൻസ്ഫോർട്ട് ദേശവൽക്കരിക്കുന്നതിന് ആലോചനയുണ്ടോ;

(ബി) ഏതെല്ലാം റൂട്ടുകളാണ് ദേശവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) എറണാകുളം–കോട്ടപ്പുറം ലൈൻ ഇതിൽ ഉൾപ്പെട്ടുമോ;

(ഡി) എറണാകുളം–കോട്ടപ്പുറം റൂട്ടിലുള്ള പറവൂർ വിളക്കുമാടം ജട്ടിയും, കോവിലകത്തുകടവു ജട്ടിയും വെള്ളത്തിനടിയിൽ കിടക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അവയുടെ കേടുപാടുകൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ ഉടനെ എടുക്കുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) നടപടി എടുക്കുന്നുണ്ട്.

പ്രൈവറ്റ് ബസ്സ് സർവ്വീസ് യൂണിയൻ.

* 241. [58] ശ്രീ. സി. കൊച്ചുകുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ് റൂട്ടുകളിൽ സർവ്വീസുനടത്തുന്ന ബസ്സുടമകളെ ചേർത്ത് കമ്പൽസറി യൂണിയനുകൾ ഉണ്ടാക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ; ഇങ്ങനെയുള്ള യൂണിയൻസിസ്റ്റം ഇല്ലാത്തതുമൂലം കഴപ്പുമുണ്ടെന്ന് ഗവണ്മെൻറിനറിയാമോ; കമ്പൽസറി യൂണിയനുകൾ ഉണ്ടാക്കി അവർക്ക് ഏതെങ്കിലും റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിന് അനുവാദം കൊടുക്കുമോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

അനാശാസ്യമായ മത്സരം ഇല്ലാതിരിക്കുവാനും, കാര്യക്ഷമമായി സർവ്വീസ് നടത്തുന്നതിനുമായി പ്രൈവറ്റ് ബസ്സുടമകളുടെ യൂണിയൻ സിസ്റ്റം പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നിർദ്ദേശം ഗവണ്മെൻറ് ടാൻസ്പോർട്ട് അതോറിറ്റിക്കു കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly